# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 839 06.06.2018-ന് മറുപടിയ്ക്ക്

### കുംഭാര കോളനികളുടെ നവീകരണ പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. ബി.ഡി. ദേവസ്സി** | | **എ.കെ. ബാലൻ**<br>(പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |
| (എ) | ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊടകര പഞ്ചായത്തിലെ കുംഭാര കോളനിയിൽ 2018-19 ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച കുംഭാര കോളനികളുടെ നവീകരണ പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | എ & ബി | ബഹു. ധനമന്ത്രിയുടെ 2018-19-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ സംസ്ഥാനത്തെ കുംഭാര കോളനി നവീകരണത്തിന് 5 കോടി രൂപ വകയിരുത്തുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. പിന്നാക്ക വിഭാഗ വികസന വകുപ്പ് 2018-19-ലെ പദ്ധതി നിർദ്ദേശങ്ങളിൽ പുതിയതായി ഉൾപ്പെടുത്തുന്നതിന് സംസ്ഥാന പ്ലാനിംഗ് ബോർഡിൽ സമർപ്പിച്ച സ്കീമിൽ കൊടകര കുംഭാര കോളനി (തൃശ്ശൂർ ജില്ല), പുളിനെല്ലി കുംഭാര കോളനി, കോട്ടായി (പാലക്കാട് ജില്ല) എന്നിവയാണ് ഉൾക്കൊള്ളിച്ചിരുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ ടി കോളനികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് കത്ത് നൽകുകയും കൊടകര കുംഭാര കോളനിയിൽ ഇതുമായി ബന്ധപ്പെട്ട് കോളനി നിവാസികളുടെ ഒരു യോഗം ചേരുകയും ചെയ്തിരുന്നു. ഗ്രാമ പഞ്ചായത്തുകളോട് മെയ് 31 നകം വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നതിന് നിർദ്ദേശിച്ചിരുന്നുവെങ്കിലും ആയത് നൽകിയിട്ടില്ല. പുതിയ പദ്ധതിയെന്ന നിലയിൽ ടി സ്കീമിന് ബഡ്ജറ്റ് ശീർഷകവും ടോക്കൺ പ്രൊവിഷനും അനുവദിച്ച് കിട്ടുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ, പ്രസ്തുത നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; | | |
| (സി) | ഈ പദ്ധതിയുടെ ഭാഗമായി എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് കൊടകര കുംഭാര കോളനിയിൽ നടപ്പാക്കുന്നത് എന്ന് വ്യക്തമാക്കാമോ? | സി | കോളനിയുടെ അടിസ്ഥാന സൗകര്യങ്ങളായ കുടിവെള്ളം, വൈദ്യുതി, നടപ്പാത, മലിനജല നിർമ്മാർജ്ജനം എന്നിവയും തൊഴിൽ ലഭ്യതയും, തൊഴിൽ ശേഷിയും ഉയർത്തുന്നതിന് പൊതുവായ മണ്ണരയ്ക്കൽ യന്ത്രം, ചൂള, വർക്ക്ഷെഡ് എന്നിവ സ്ഥാപിക്കുന്നതിനും മാർക്കറ്റിംഗ് സംവിധാനം ഒരുക്കുന്നതിനുമാണ് പദ്ധതി ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ